**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 498** **13-10-2026-ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖല സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള സുരക്ഷാ സംവിധാനങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** അഴീക്കോട് മണ്ഡലത്തിൽ വ്യവസായ സ്ഥാപനങ്ങൾ ധാരാളമുള്ള ചിറക്കൽ-വളപട്ടണം-കരിയാട് പ്രദേശത്തെ അടിസ്ഥാന വികസനങ്ങൾ മെച്ചപ്പെടുത്തി ഒരു മിനിവ്യവസായ ഹബ്ബായി മാറ്റണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചിറയ്ക്കൽ - വളപട്ടണം - കരിയാട് പ്രദേശം മലബാറിലെ പ്രമുഖ ടിമ്പർ പ്ലൈവുഡ് വ്യവസായ മേഖലയാണ്. നിരവധി കൈത്തറി വ്യവസായ യൂണിറ്റുകളും ഈ മണ്ഡലത്ത് നിലവിൽ ഉണ്ട്. ഭൂമി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് നിലവിലുള്ള മിനി വ്യവസായ പാർക്കിന്റെ വികസനം പരിഗണിക്കുന്നതാണ്. എന്നാൽ, പ്ലൈവുഡിന്റെ നിർമ്മാണം മൂലം നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇതേക്കുറിച്ച് വിശദവും, ശാസ്ത്രീയവുമായ പഠനം നടത്തിയ ശേഷം മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. ഇതിനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

**(ബി)** വ്യവസായ മേഖല സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കരിയാട് പ്രദേശത്ത് ഒരു പദ്ധതി ആവിഷ്ക്കരിക്കാമോ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**